**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2790** **06-02-2018-ൽ മറുപടിക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.എ.എൻ. ഷംസീർ**<br>**ശ്രീ. വി.കെ.സി. മമ്മത് കോയ**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. പി. ഉണ്ണി** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷക്കായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | എ) അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ 16 ക്ഷേമനിധി ബോർഡുകളും 11 ക്ഷേമപദ്ധതികളും ഉണ്ട്. പ്രസ്തുത ക്ഷേമപദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പുതുതായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു തരത്തിലുള്ള ക്ഷേമപദ്ധതികളിലും ഉൾപ്പെട്ടിട്ടില്ലാത്ത അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി പദ്ധതി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസ വേതന സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി, കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി തുടങ്ങിയ സാമൂഹ്യസുരക്ഷാ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) ഈ മേഖലയിലെ തൊഴിലാളികളുടേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബ-ങ്ങളുടെയും സൗജന്യ ചികിത്സയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിലൂടെയും, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്) യിലൂടെയും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | ബി) ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000/- രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കും. RSBY പദ്ധതി BPL കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കും വേണ്ടി ഉള്ളതാണ്. CHIS പദ്ധതി, ദാരിദ്ര രേഖ എന്ന മാനദണ്ഡം നോക്കാതെ തെരഞ്ഞെടുക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾ, 1000 രൂപയോ അതിൽ കുറവോ മാസപെൻഷൻ കിട്ടുന്ന ഇ.പി.എഫ്. |

പെൻഷണേഴ്സ്, എ.എ.വൈ (മഞ്ഞനിറം), മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി/ബി.പി.എൽ ആക്കി മാറ്റിയ വെള്ള/നീല റേഷൻ കാർഡ് ഉടമകൾ ഉൾപ്പെട്ട കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2017 ഏപ്രിൽ മാസം മുതൽ RSBY-CHIS പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനു മുകളിലുമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000/- രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിക്കുന്ന പദ്ധതിയാണ് സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷുറൻസ് സ്കീം (SCHIS).

| | |
|---|---|
| (സി) സംസ്ഥാന സർക്കാർ പദ്ധതി ആയ ചിസ് (സി) പ്ലസ് പ്രകാരം ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ അംഗമായവർക്ക് ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോറ് എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000/- രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജ്യണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം (RCC), മലബാർ ക്യാൻസർ സെന്റർ (MCC), തലശ്ശേരി, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം (SCT) മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ